(സി) ഈ സംവിധാനം നിർബന്ധമാക്കുന്നതിനെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. ഏതായാലും നാറ്റ്പാക്കിന്റെ റിപ്പോർട്ട് ലഭിക്കുമ്പോൾ അത് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

വനാവകാശ നിയമം

20 (*170) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിൽ ആദിവാസി വിഭാഗങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഈ നിയമം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ, വനം, പട്ടികവർഗ്ഗ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം പലയിടങ്ങളിലും വനാവകാശത്തിനുള്ള ആദിവാസികളുടെ അപേക്ഷകൾ റദ്ദുചെയ്യുകയും കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്രപട്ടികവർഗ്ഗ മന്ത്രാലയം 2015 ഡിസംബറിനകം വനാവകാശ നിയമം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ;

(സി) പ്രസ്തുത നിയമം നടപ്പിലാക്കാത്തത് വനം മാഫിയകൾക്കാണ് സഹായകരമാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. 2006-ലെ കേന്ദ്ര വനാവകാശ നിയമം കേരളത്തിൽ 1-1-2008 മുതൽ നടപ്പിലാക്കിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വനാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളിന്മേൽ 2015 ഡിസംബറിനകം തീർപ്പുകൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്മേൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വനാവകാശ നിയമം സംസ്ഥാനത്ത് മുന്തിയ പ്രാധാന്യം നൽകിയാണ് നടപ്പാക്കുന്നത്. അതിനാൽ വനം മാഫിയകൾക്ക് സഹായകരമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യവും ഉണ്ടായിട്ടില്ല. വനാവകാശ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ്, റവന്യൂ, വനം വകുപ്പുകളുമായി ഏകോപിച്ച് സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

• 31-12-2015 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 35851 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 31460 അപേക്ഷകൾ ഗ്രാമസഭയും, 26767 അപേക്ഷകൾ സബ് ഡിവിഷണൽ സമിതിയും, 25883 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 24898 റ്റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ആകെ 33073 ഏക്കർ വനഭൂമിക്ക് റ്റൈറ്റിലുകൾ നൽകിയിട്ടുണ്ട്. സാമൂഹിക ആവശ്യങ്ങൾക്കായി ലഭിച്ച 875 അപേക്ഷകളിൽ 146 എണ്ണത്തിന് റ്റൈറ്റിൽ നൽകിയിട്ടുണ്ട്. വികസന ആവശ്യങ്ങൾക്കായി 446 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുകയും 213 ഏക്കർ വനഭൂമി നൽകുകയും ചെയ്തിട്ടുണ്ട്.

മയക്ക് മരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ്

21 (*171) ശ്രീ. സി. പി. മുഹമ്മദ് :

• ശ്രീ. എം. എ. വാഹീദ് :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്ക്മരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

• (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) സംസ്ഥാനത്ത് മദ്യ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി 2015, ജൂൺ 15 മുതൽ ജൂലൈ 15 വരെ "ഓപ്പറേഷൻ മൺസൂൺ" എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്.

(ബി) മയക്കുമരുന്നുകളുടെ ഉല്പാദനം, വിതരണം, വിപണനം എന്നിവ ഫലപ്രദമായി തടയുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. സമൂഹത്തിൽ

LIBRARY ARCHIVES Kerala Legislative Assembly